ശ്രീ. എഴുകോൺ നാരായണൻ :

ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷക തൊഴിലാളി ക്ഷേമനിധിയിൽ നിന്നും ചികിത്സ, വിദ്യാഭ്യാസം, വിവാഹം എന്നിവയ്ക്ക് ആനുകൂല്യങ്ങൾക്ക് എത്ര അപേക്ഷകളിൽ ഇപ്പോൾ തീർപ്പ് കൽപ്പിക്കാനുണ്ട്;

(ബി) ഈ അപേക്ഷകൾക്ക് എത്ര പഴക്കമുണ്ട്?

ഉത്തരം

(എ) ചികിൽസാ സഹായത്തിന് 868-ഉം, വിവാഹ ആനുകൂല്യങ്ങൾക്കുള്ള 10651-ഉം അപേക്ഷകൾ ഇനിയും തീർപ്പ് കൽപ്പിക്കാനുണ്ട്. വിദ്യാഭ്യാസ ആനുകൂല്യങ്ങൾക്കുള്ള അപേക്ഷകളൊന്നും ലഭിച്ചിട്ടില്ല.

(ബി) ഇവ 1.4.98 മുതലുള്ളവയാണ്.

അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം

68 (3469)ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡിൽ ഇപ്പോൾ എത്ര തൊഴിലാളികൾ അംഗങ്ങളായി ഉണ്ട്;

(ബി) പ്രസ്തുത തൊഴിലാളികളെ മാത്രം ഉൾക്കൊള്ളിച്ചുകൊണ്ട് ബോർഡിന്റെ പ്രവർത്തനം മുന്നോട്ടുകൊണ്ടു പോകുവാൻ കഴിയുമോ;

(സി) ഇല്ലെങ്കിൽ ഇതിനുള്ള പരിഹാരം എന്താണ്;

(ഡി) ബോർഡിൽ നിന്നും എത്ര തൊഴിലാളികൾ പിരിഞ്ഞുപോയിട്ടുണ്ട്;

(ഇ) പ്രസ്തുത തൊഴിലാളികളുടെ ആനുകൂല്യങ്ങളും, അവർ അടച്ച സംഖ്യ, പെൻഷൻ ഫണ്ട്, പലിശ എന്നിവയെല്ലാം തിരിച്ചുകൊടുത്തിട്ടുണ്ടോ; ഇനി എത്ര തുക കൊടുക്കാനുണ്ട്; ഇവ മടക്കി കൊടുക്കാൻ സ്വീകരിച്ചിട്ടുള്ള നടപടി എന്താണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2035 അംഗങ്ങൾ.

(ബി) പ്രയാസമാണ്.

(സി) ഇതിനുള്ള ഒരു പരിഹാരമായി സംസ്ഥാനത്തെ കടകളിലും വാണിജ്യ സ്ഥാപനങ്ങളിലും ജോലി ചെയ്യുന്ന തൊഴിലാളികൾക്കുവേണ്ടി സർക്കാർ നടപ്പാക്കാനുദ്ദേശിക്കുന്ന ക്ഷേമനിധി നടത്തിപ്പിനുള്ള ചുമതല കൂടി കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡിനെ ഏൽപ്പിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

(ഡി) 12958 തൊഴിലാളികൾ.

(ഇ) ഉണ്ട്. വിവിധ കോൺട്രാക്ടർമാരിൽ നിന്നും കുടിശികയിനത്തിൽ പിരിഞ്ഞുകിട്ടാനുള്ള 1,99,70,236 രൂപയ്ക്കും അതിന്റെ പലിശയും

LIBRARY ARCHIVES Kerala Legislative Assembly

മാത്രമേ ഇനി നൽകാൻ അവശേഷിക്കുന്നുള്ളൂ. കുടിശിക വസൂലാക്കുന്നതിന് റവന്യൂ റിക്കവറി നടപടികൾ ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്.

കേരള ചുമട്ടുതൊഴിലാളി ക്ഷേമനിധി ബോർഡ്

69 (3470)ശ്രീ. ബാബു ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ചുമട്ടുതൊഴിലാളി ക്ഷേമനിധി ബോർഡ് രൂപീകൃതമായ ശേഷം ബോർഡ് ചീഫ് എക്സിക്യൂട്ടീവ്, ഫിനാൻസ് ഓഫീസർ എന്നീ തസ്തികകളിൽ നിയമിക്കപ്പെട്ടിട്ടുള്ളവർ ആരെല്ലാമാണ്;

(ബി) ഓരോരുത്തരും ബോർഡിൽ സേവനമനുഷ്ഠിച്ചിട്ടുള്ള കാലാവധി വ്യക്തമാക്കുമോ?

ഉത്തരം

(എ)&(ബി)

I. **ചീഫ് എക്സിക്യൂട്ടീവ് ആയി സേവനമനുഷ്ഠിച്ചവർ**

1. ശ്രീ. എസ്. രഘുനാഥൻ - 1.3.84 മുതൽ 1.3.85 വരെ
2. ശ്രീ. സി.എം. ചിത്തരഞ്ജൻ (ജോയിന്റ് ലേബർ കമ്മീഷണർ) 1.3.85 മുതൽ 3.6.87 വരെ)
3. ശ്രീ. എം.പി. ജോസഫ്(ലേബർ കമ്മീഷണർ) 4.6.87 മുതൽ 15.4.89 വരെ)
4. ശ്രീ. കെ.കെ. പരമേശ്വരൻ (അഡീഷണൽ ലേബർ കമ്മീഷണർ) 15.4.89 മുതൽ 23.3.2000 വരെ
5. ശ്രീ. കെ.വി. ശ്രീകുമാർ (സീനിയർ ഫിനാൻസ് ഓഫീസർ) 24.3.2000 മുതൽ ചീഫ് എക്സിക്യൂട്ടീവിന്റെ ചാർജ് വഹിക്കുന്നു.

II. **ഫിനാൻസ് ഓഫീസറായി സേവനമനുഷ്ഠിച്ചവർ**

1. ശ്രീ. വി. ഷാഹുൽ ഹമീദ് - 1984 മുതൽ
2. ശ്രീ. കെ.വി. ശ്രീകുമാർ - 22.5.87 മുതൽ 20.5.94 വരെ
3. ശ്രീ. റ്റി. കുട്ടപ്പൻ - 20.5.94 മുതൽ 26.8.94 വരെ
4. ശ്രീ. കെ.വി. ശ്രീകുമാർ - 26.8.94 മുതൽ ഇപ്പോഴും തുടരുന്നു.

ഇ.എസ്.ഐ. തൊഴിലാളികൾക്ക് സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സ

70 (3471)ശ്രീ. പി.എസ്. സുപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇ.എസ്.ഐ. പദ്ധതിയിൽപ്പെടുന്ന തൊഴിലാളികൾക്ക് സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സ ലഭ്യമാക്കാൻ എവിടെയെല്ലാം സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly